**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1868** **29-09-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളിൽ സേവനമനുഷ്ഠിക്കുന്ന കരാർ അധ്യാപകർക്ക് തുല്യ ജോലിക്ക് തുല്യ വേതനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ സർവകലാശാലകളിൽ സേവനമനുഷ്ഠിക്കുന്ന കരാർ അധ്യാപകർക്ക് തുല്യജോലിക്ക് തുല്യവേതനം എന്ന സാമൂഹിക നീതി ഉറപ്പാക്കുന്നതിനായി യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് വേതനം പരിഷ്കരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ; | (എ) | 28.01.2019ലെ F.25-1/2018(PS/MISC) പ്രകാരമുള്ള യു.ജി.സി. റിവൈസ്ഡ് ഗൈഡ് ലൈൻസിൽ കരാർ അദ്ധ്യാപകരെ സ്ഥിരം അദ്ധ്യാപകരോട് തുലനം ചെയ്യേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | നിലവിൽ കരാർ അധ്യാപകർക്ക് അനുവദിച്ചിട്ടുള്ള 11 ദിവസത്തെ അവധി അപര്യാപ്തമായതിനാൽ ഇത് സ്ഥിര അധ്യാപകർക്ക് സമാനമായി വർദ്ധിപ്പിച്ച് അസുഖം പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ ശമ്പളം നഷ്ടപ്പെടാതിരിക്കാൻ നടപടിയെടുക്കുമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | അക്കാദമിക പ്രവർത്തനങ്ങളുടെ ഭാഗമായി സെമിനാർ അവതരണം, പരീക്ഷാ മൂല്യനിർണ്ണയം തുടങ്ങിയ കാര്യങ്ങളിൽ പങ്കെടുക്കുന്നതിന് ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി കരാർ അധ്യാപകരുടെ അക്കാദമിക് വളർച്ചയ്ക്ക് പ്രോത്സാഹനം നൽകാൻ തയ്യാറാകുമോ; വിശദമാക്കുമോ; | (സി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (ഡി) | കേരള ഡിജിറ്റൽ സർവ്വകലാശാല, സാങ്കേതിക സർവ്വകലാശാല, മാരിടൈം സർവ്വകലാശാല എന്നിവിടങ്ങളിൽ കരാർ അധ്യാപകർക്ക് അസിസ്റ്റന്റ് പ്രൊഫസർക്ക് തുല്യമായ വേതനം നൽകുന്ന മാതൃക സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലേക്കും വ്യാപിപ്പിക്കാൻ ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (ഇ) | കരാർ അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും അവ സ്ഥിരം അധ്യാപകരുമായി താരതമ്യം ചെയ്യുമ്പോഴുള്ള അന്തരം എന്തൊക്കെയാണെന്നും അവ പരിഹരിക്കാനും തൊഴിൽ സുരക്ഷിതത്വം | (ഇ) | സ്ഥിരം അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ യു.ജി.സി. വ്യവസ്ഥകൾക്ക് അനുസൃതമാണ്. യു.ജി.സി. ഗൈഡ് ലൈൻസ് പ്രകാരം കരാർ അദ്ധ്യാപകരെ സ്ഥിരം അദ്ധ്യാപകരോട് തുലനം ചെയ്യേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഉറപ്പാക്കാനും ഉദ്ദേശിക്കുന്ന നടപടികളും സർവകലാശാലകൾ തിരിച്ച് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ